12 (*218) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനം വായ്പ അനുവദിക്കുമ്പോൾ ചെറുകിട, ഇടത്തരം സംരംഭകർക്ക് മുൻഗണന നൽകണമെന്ന നിബന്ധന പാലിക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) വായ്പ തുകയുടെ രണ്ടാം ഗഡു അനുവദിക്കുമ്പോൾ തന്നെ ആദ്യ ഗഡു വായ്പയുടെ പലിശകൂടി വ്യവസായ സംരംഭകരിൽനിന്നും ഈ സ്ഥാപനം ഈടാക്കിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വ്യവസായ സംരംഭകർക്ക് വായ്പ നൽകിക്കഴിഞ്ഞാൽ സ്ഥാപനത്തിന്റെ പുരോഗതിക്കോ വളർച്ചയ്ക്കോ ഉതകുന്ന രീതിയിൽ എന്തെങ്കിലും നിർദ്ദേശമോ ഉപദേശമോ നൽകാൻ കെ.എഫ്.സി. യിൽ നിന്നുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) വീഴ്ച വരുത്തുന്ന സ്ഥാപനത്തിന്റെ ജപ്തി നടപടികളിൽ മാത്രമേ കെ.എഫ്.സി. ഉദ്യോഗസ്ഥർ ശ്രദ്ധിക്കാറുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി കെ.എഫ്.സി. യുടെ പ്രവർത്തനം സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പാസഹായം നൽകുന്നതിനുള്ള സ്ഥാപനമാണ്. അതുകൊണ്ടുതന്നെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ചെറുകിട വ്യവസായങ്ങൾക്കുമാത്രമായി 31.3.99 വരെ 88,672 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) വായ്പ തുക തവണകളായിട്ടാണ് വിതരണം നടത്തുന്നത്. പലിശ മൂന്നു മാസത്തിലൊരിക്കലാണ് അടയ്ക്കേണ്ടത്. കരാർ അനുസരിച്ച് പലിശ അടയ്ക്കാത്ത വ്യവസായ സംരംഭകരുടെ വായ്പ തുകയിൽനിന്നും പലിശ ഈടാക്കാറുണ്ട്. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലുണ്ടാകാവുന്ന പലിശകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി തുക നിജപ്പെടുത്തുന്നതും, വായ്പ അനുവദിക്കുന്നതും. അതുകൊണ്ടുതന്നെ നിർമ്മാണ ഘട്ടത്തിൽ അടയ്ക്കേണ്ട പലിശ, അടയ്ക്കുന്നതിൽ വ്യവസായ സംരംഭകർക്ക് സാധാരണ ഗതിയിൽ ബുദ്ധിമുട്ടുണ്ടാകാറില്ല.

(ഡി) വ്യവസായ സംരംഭകർക്ക് വായ്പ നൽകിക്കഴിഞ്ഞതിനുശേഷം കോർപ്പറേഷന്റെ ഫീൽഡ് ഓഫീസറൻമാർ ടി വ്യവസായ യൂണിറ്റുകൾ മാസത്തിലൊരിക്കലെങ്കിലും സന്ദർശിക്കാറുണ്ട്. സംരംഭകർക്കുണ്ടാകുന്ന ബുദ്ധിമു

LIBRARY ARCHIVES Kerala Legislative Assembly

ട്ടുകൾ ചർച്ചചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംരംഭകനെ ജില്ലാ ഓഫീസുകളിൽ വിളിച്ചു വരുത്തി ടെക്നിക്കൽ-ഫിനാൻഷ്യൽ മുതലായ കാര്യങ്ങളെക്കുറിച്ച് വേണ്ട ഉപദേശങ്ങൾ നൽകാറുമുണ്ട്. സംരംഭകന് സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള സബ്സിഡി എളുപ്പത്തിൽ പാസ്സാക്കുന്നതിനും അത് വേഗത്തിൽ സംരംഭകർക്ക് കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനുംപുറമെ വ്യവസായ സംരംഭകന് മറ്റു കാരണങ്ങളാൽ വായ്പ ലഭിക്കുന്നതിനു കാലതാമസം നേരിട്ടാൽ അർഹതപ്പെട്ടവർക്ക് വായ്പയുടെ തവണ നീട്ടി കൊടുക്കാറുണ്ട്. കൂടാതെ ആവശ്യമെന്ന് തോന്നിയാൽ അഡീഷണൽ വായ്പയും അനുവദിക്കാറുണ്ട്.

(ഇ) വായ്പ എടുക്കുന്ന വ്യവസായ സംരംഭകർക്ക് കാലാകാലങ്ങളിൽ വായ്പ തവണയുടെ കുടിശ്ശിക അടയ്ക്കുവാനുള്ള നോട്ടീസ് നൽകാറുണ്ട്. കൂടാതെ ഭീമമായ സംഖ്യ കുടിശ്ശിക വരുത്തുന്നവർക്ക് രജിസ്റ്റേർഡ് നോട്ടീസും അയയ്ക്കാറുണ്ട്. രജിസ്റ്റേർഡ് നോട്ടീസ് അയച്ചതിനുശേഷവും യാതൊരുവിധ പ്രതികരണവും വ്യവസായിയുടെ ഭാഗത്തുനിന്നും ഉണ്ടാകാത്ത കേസ്സുകളിൽ ഹെഡ്ഡാഫീസിലെ ഉയർന്ന ഉദ്യോഗസ്ഥർ വ്യവസായിയെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക തവണകളായി അടയ്ക്കാൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. തവണകളനുവദിച്ചിട്ടും കുടിശ്ശിക അടയ്ക്കാത്തവരെ മാത്രമെ മേൽനടപടികൾക്കു വിധേയമാക്കാറുള്ളൂ. വ്യവസായ സംരംഭകന് വായ്പ തുകയുടെ വിശദ വിവരങ്ങൾ അടങ്ങുന്ന നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടും വ്യവസായിയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവുമുണ്ടാകുന്നില്ലെങ്കിൽ മാത്രമേ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയ പരിധി കഴിയുമ്പോൾ സെക്ഷൻ 29 അനുസരിച്ച് യൂണിറ്റ് ഏറ്റെടുക്കുകയുള്ളൂ. യൂണിറ്റ് ഏറ്റെടുത്തതിനുശേഷവും വ്യവസായിക്ക് കുടിശ്ശിക അടയ്ക്കുന്നതിന് അവസരം നൽകുന്നു. കുടിശ്ശികയുടെ മൂന്നിൽ ഒരു ഭാഗമെങ്കിലും അടയ്ക്കുകയാണെങ്കിൽ യൂണിറ്റ് വ്യവസായിക്കുതന്നെ തിരികെ കൊടുക്കുന്നു.

(എഫ്) കെ.എഫ്.സി. യുടെ പ്രവർത്തനം സംബന്ധിച്ച് കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി നിർദ്ദേശിച്ച ശുപാർശകളിൻമേൽ കൈക്കൊണ്ട നടപടികളുടെ വിശദ വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സമിതിയുടെ തീരുമാനം അറിവായിട്ടില്ല.

13 (*219) വാഹനങ്ങളിൽ എൽ.പി.ജി. ഉപയോഗിക്കുന്നതിനെതിരെ നിയമ നിർമ്മാണം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എം. മുരളി ;
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പെട്രോളിനും ഡീസലിനും പകരം ഗ്യാസ് ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly